# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ആഗസ്റ്റ് 27 ചൊവ്വ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## ജില്ലയിലെ ക്വാറി നിരോധനം പിൻവലിച്ചു

ജില്ലയിൽ കാലവർഷം ശക്തിപ്രാപിച്ച വേളയിൽ ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഒഴിവാക്കുന്നതിനായി ക്വാറികളുടെ പ്രവർത്തനം താൽക്കാലികമായി നിരോധിച്ച ഉത്തരവ് പിൻവലിച്ചതായി ജില്ലാ കളക്ടർ അറിയിച്ചു. നിലവിൽ ജില്ലയിൽ കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിന്റെ ശക്തമായ മഴയ്ക്കുള്ള മുന്നറിയിപ്പുകൾ ലഭ്യമാകാത്ത സാഹചര്യത്തിലാണ് നിരോധനം പിൻവലിച്ചത്.

## വെള്ളപ്പൊക്കം: ചേലക്കര നിയോജക മണ്ഡലത്തിൽ 10 കോടി രൂപയുടെ നാശനഷ്ടം

കാലവർഷത്തിൽ ചേലക്കര നിയോജക മണ്ഡലത്തിൽ ഒമ്പത് ഗ്രാമപഞ്ചായത്തുകളിലായി 10 കോടി രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചതായി യു ആർ പ്രദീപ് എംഎൽഎ അറിയിച്ചു. പിഡബ്ല്യുഡി ഗസ്റ്റ് ഹൗസിൽ വിളിച്ചു ചേർത്ത വകുപ്പുതല യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കൃഷി, മൈനർ ഇറിഗേഷൻ, അഡീഷണൽ ഇറിഗേഷൻ, മേജർ ഇറിഗേഷൻ, പൊതുമരാമത്ത്, ക്ഷീരവികസനം, വാട്ടർ അതോറിറ്റി, കെഎസ്ഇബി എന്നീ വകുപ്പുകളിലും ബോർഡുകളിലുമായണ് നഷ്ടങ്ങൾ ഉണ്ടായത്.

കാലവർഷക്കെടുതിയിൽ 223 ഹെക്ടർ നെൽകൃഷി ഉൾപ്പെടെ 115 ഹെക്ടറിൽ പച്ചക്കറി, 76 ഹെക്ടറിൽ നേന്ത്രവാഴ അടക്കം 3 കോടി രൂപയുടെ വിളനാശം സംഭവിച്ചു. തോടുകളുടെ പാർശ്വഭിത്തി തകർന്നതിൽ 24 ലക്ഷം രൂപയുടെ നാശനഷ്ടവും സംഭവിച്ചിട്ടുണ്ട്. പൂർണ്ണമായും 180 എൽടി ലൈൻ പോസ്റ്റുകളും 45 എച്ച്ടി ലൈൻ പോസ്റ്റുകളും 3 ട്രാൻസ്ഫോഫോർമറുകളും യുദ്ധകാലാടിസ്ഥാനത്തിൽ മാറ്റി സ്ഥാപിച്ചു. അഡീഷണൽ ഇറിഗേഷൻ വകുപ്പിന് 25 ലക്ഷം രൂപയുടെയും ചീരക്കുഴി ഇറിഗേഷൻ പ്രൊജക്ടിന് 1.5 കോടി രൂപയുടെയും വാട്ടർ അതോറിറ്റിക്ക് 50 ലക്ഷം രൂപയുടെയും നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. കൂടാതെ ലിഫ്റ്റ് ഇറിഗേഷന് കീഴിൽ പാറക്കടവ്, ഇരിട്ടിച്ചിരിക്കുണ്ട്, പഴയന്നൂർ, അരക്കാമല, ചെറുതുരുത്തി, ദേശമംഗലം, പല്ലൂർ എന്നീ ഏഴ് പമ്പുകളിൽ വെള്ളം കയറി മോട്ടോറുകൾ നാശമായി. 25 ക്യാമ്പുകളിലായി 1546 പേരെയാണ് പ്രളയം ബാധിച്ചത്.

പ്രളയത്തിൽ വിവിധ വകുപ്പുകയിലുണ്ടായ നഷ്ടം കണക്കാക്കി സർക്കാരിന് സമർപ്പിച്ച് തുക അനുവദിച്ചു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും വീടുകൾ പൂർണ്ണമായും, ഭാഗികമായും തകർന്നത് ഉദ്യോഗസ്ഥർ പരിശോധിച്ച് അർഹരായവരെ കണ്ടെത്തി ആവശ്യമായ ധനസഹായം അനുവദിച്ചു നൽകുന്നതിനും യോഗത്തിൽ തീരുമാനിച്ചു. യോഗത്തിൽ തലപ്പിള്ളി തഹസിൽദാർ രാജു, ദുരന്തനിവാരണ ഡെപ്യൂട്ടി തഹസിൽദാർ ബാബുരാജ്, പിഡബ്ല്യുഡി, കെഎസ്ഇബി, വാട്ടർ അതോറിറ്റി, ഇറിഗേഷൻ, മണ്ണ് സംരക്ഷണം, പട്ടികജാതി വികസനം, മൃഗസംരക്ഷണം, ചീരക്കുഴി ഇറിഗേഷൻ, കൃഷി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തു.

## ന്യൂനപക്ഷ സ്കോളർഷിപ്പ് നൽകാൻ രണ്ട് കോളേജുകൾക്ക് കമ്മീഷന്റെ നിർദ്ദേശം

അർഹതയുണ്ടായിട്ടും ന്യൂനപക്ഷ സ്കോളർഷിപ്പ് ലഭിച്ചില്ലെന്ന പരാതിയിൽ സ്കോളർഷിപ്പ് നൽകാൻ രണ്ട് കോളേജുകൾക്ക് ന്യൂനപക്ഷ കമ്മീഷന്റെ ഉത്തരവ്. കോതമംഗലം ഇന്ദിരഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ സയൻസ്, ചീരാട്ടുമല അൽസലാമ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്ചർ എന്നിവയുടെ പ്രിൻസിപ്പൽമാരോടാണ് തൃശൂർ കളക്ടറേറ്റ് കോൺഫറൻസ്

ഹാളിൽ നടന്ന സിറ്റിങ്ങിൽ കമ്മീഷൻ ഉത്തരവിട്ടത്. ഇരിങ്ങപ്പുറം പുത്തൻപള്ളി സ്വദേശി തമന്ന ദിലീപ്, ഗുരുവായൂർ തെരുവത്ത് വീട്ടിൽ ടി വി അസ്ന അഷ്റഫ് എന്നിവരുടെ പരാതിയിന്മേലാണ് കമ്മീഷൻ അംഗം അഡ്വ. ടി വി മുഹമ്മദ് ഫൈസൽ ഉത്തരവിട്ടത്.
ശ്മശാനത്തിന് ഭൂമി വിട്ടു നൽകണമെന്ന പാസ്റ്റർ സി ഒ ഡേവിസിന്റെ പരാതിയിൽ അരണാട്ടുകര വില്ലേജിലെ പുറമ്പോക്ക് ഭൂമി നൽകാൻ തയ്യാറാണെന്ന് ജില്ലാ കളക്ടർ കമ്മീഷനെ അറിയിച്ചു. ഇതിന്റെ തുടർപരിശോധനകൾക്ക് തൃശൂർ കോർപ്പറേഷൻ അധികൃതർക്ക് കമ്മീഷൻ നിർദ്ദേശം നൽകി.

ജില്ലാ ആശുപത്രിയിലെ നാല് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികളിലെ ഒഴിവുകൾ നികത്താത്തത് സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി. സർട്ടിഫിക്കറ്റ് പരിശോധന കഴിഞ്ഞിട്ടും ടൂറിസം വകുപ്പിലെ നിലവിലെ ഒഴിവിൽ നിയമന നടപടികൾ നടക്കാത്തത് കാണിച്ച് തൃശൂർ സ്വദേശി അയന ദാസ് നൽകിയ പരാതിയിൽ നടപടി ത്വരിതപ്പെടുത്താൻ കമ്മീഷൻ നിർദ്ദേശിച്ചു. ഒല്ലൂക്കരയിൽ ശ്മശാനഭൂമി വേണമെന്ന് ആവശ്യപ്പെട്ട് പി ബാബു മാത്യു നൽകിയ പരാതിയിൽ വിശദമായ റിപ്പോർട്ട് നൽകാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി.

സിറ്റിങ്ങിൽ 31 കേസുകൾ പരിഗണിച്ചു. 21 പരാതിക്കാർ ഹാജരായി. തീർപ്പാക്കാത്ത പരാതികൾ സെപ്റ്റംബർ 26 ൽ നടക്കാനിരിക്കുന്ന സിറ്റിങ്ങിൽ പരിഹരിക്കും. അന്ന് പുതിയ പരാതികൾ സ്വീകരിക്കും.

## തിന്മകൾക്കെതിരെ പ്രവർത്തിക്കാൻ പൊതു സമൂഹത്തെ പ്രാപ്തരാക്കണം: ഡോ. ടി കെ നാരായണൻ

തിന്മകൾക്കെതിരെ പ്രവർത്തിക്കാൻ പൊതു സമൂഹത്തെ പ്രാപ്തരാക്കുവാൻ പരിശീലകർ ശ്രദ്ധിക്കണമന്ന് കേരള കലാമണ്ഡലം വൈസ് ചാൻസലർ ഡോ. ടി കെ നാരായണൻ പറഞ്ഞു. നെഹ്റു യുവകേന്ദ്രയുടെ ആഭിമുഖ്യത്തിൽ കിലയിൽ സംഘടിപ്പിച്ച ത്രിദിന സംസ്ഥാനതല പരിശീലന ക്യാമ്പിന്റെ സമാപനസമ്മേളനത്തിൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. നെഹ്റു യുവകേന്ദ്ര സംസ്ഥാന ഡയറക്ടർ കെ കുഞ്ഞഹമ്മ് അദ്ധ്യക്ഷത വഹിച്ചു. എം അനിൽ കുമാർ, ഒ നന്ദകുമാർ എന്നിവർ സംസാരിച്ചു. വിവിധ വിഷയങ്ങളിൽ കേന്ദ്ര സർവ്വകലാശാല രജിസ്ട്രാർ ഡോ. എ രാധാകൃഷ്ണൻ നായർ, എസ് സതീശ്, സി കെ സുരേഷ്, പി വി രാമകൃഷ്ണൻ, മുജീബ് റഹ്മാൻ, കെ ഹരിലാൽ എന്നിവർ ക്ലാസെടുത്തു. ജില്ലകളെ പ്രതിനിധികരിച്ച് 32 പേർ പരിശീലനത്തിൽ പങ്കെടുത്തു.

## കടലിൽ കുടുങ്ങിക്കിടന്ന 11 മത്സ്യതൊഴിലാളികളെ രക്ഷപ്പെടുത്തി

മത്സ്യബന്ധനത്തിന് പോയ ബോട്ട് കേടായി കടലിൽ കുടുങ്ങിയ 11 മത്സ്യത്തൊഴിലാളികളെ ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിലുള്ള സുരക്ഷാടീം രക്ഷപ്പെടുത്തി. മുനമ്പം സ്വദേശി ജമാലുദ്ദീന്റെ ഉടമസ്ഥതയിലുള്ള ബോട്ടാണ് അപകടത്തിൽപെട്ടത്. മൂന്ന് ബംഗാളികളും എട്ട് അഴീക്കോട് സ്വദേശികളുമാണ് ഉണ്ടായിരുന്നത്. മുനയ്ക്കൽ നിന്ന് 10 കിലോമീറ്റർ അകലെ വെച്ച് ബോട്ട് എഞ്ചിൻ തകരാറിലായതാണ് അപകടകാരണം. തിങ്കളാഴ്ച രാത്രിയാണ് ബോട്ടിൽ നിന്നുള്ള സന്ദേശം ഫിഷറീസ് വകുപ്പിന് ലഭിക്കുന്നത്. ടീമിൽ സുരക്ഷാസേന അംഗങ്ങളായ അൻസാർ, ഫസൽ, ദിലീപ്, ജോണി എന്നിവർ ഉണ്ടായിരുന്നു.

## പടവുകൾ: അപേക്ഷ ക്ഷണിച്ചു

വനിതാ ശിശുവികസന വകുപ്പ് വിധവകളായ സ്ത്രീകളുടെ മക്കൾക്ക് പഠനത്തിന് ധനസഹായം നൽകുന്ന പടവുകൾ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്, മെസ് ഫീസ് എന്നിവയ്ക്കാണ് ധനസഹായം. അപേക്ഷകർ താമസിക്കുന്ന അതത് ബ്ലോക്ക് പഞ്ചായത്ത്/മുനിസിപാലിറ്റി/ കോർപ്പറേഷൻ പരിധിയിലെ ശിശുവികസന പദ്ധതി ഓഫീസർക്ക്

സെപ്റ്റംബർ 15 നകം അപേക്ഷ നൽകാണം. കൂടുതൽ വിവരങ്ങൾക്ക് അതത് പ്രദേശത്തെ ശിശു വികസന പദ്ധതി ഓഫീസിലോ 0487-2321689 ഫോൺ നമ്പറിലോ ബന്ധപ്പെടണം.

## ആരോഗ്യസുരക്ഷാ പദ്ധതി

ആയുഷ്മാൻ ഭാരത് / കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ എൻറോൾമെന്റ് സെപ്റ്റംബർ അഞ്ചിന് അവസാനിക്കുന്നു. ഇനിയും രജിസ്റ്റർ ചെയ്യാത്ത അർഹരായ കുടുംബങ്ങൾ താഴെ പറയുന്ന കേന്ദ്രങ്ങളിൽ നടക്കുന്ന രജിസ്ട്രേഷൻ ക്യാമ്പുകളിൽ ഹാജരായി എൻറോൾമെന്റ് പൂർത്തിയാക്കേണ്ടതാണെന്ന് ചിയാക് ജില്ലാ പ്രോജക്ട് മാനേജർ അറിയിച്ചു. 2018-19 വർഷം വരെ സാധുതയുള്ള ആർഎസ്ബിവൈ കാർഡുള്ളവർക്കും ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രധാനമന്ത്രിയുടെ കത്ത് ലഭിച്ചവർക്കും മാത്രമാണ് ക്യാമ്പിൽ എൻറോൾ ചെയ്യാൻ സാധിക്കുക. പദ്ധതിയിൽ എൻറോൾ ചെയ്യാൻ എത്തുന്ന കുടുംബത്തിലെ ഒരംഗം അവരുടെ റേഷൻകാർഡ്, ആധാർകാർഡ്, 2018-19 വർഷം വരെ സാധുതയുള്ള ആരോഗ്യ ഇൻഷൂറൻസ് കാർഡ്/പ്രധാനമന്ത്രിയുടെ കത്ത്, രജിസ്ട്രേഷൻ ഫീസ് 50 രൂപ എന്നിവയുമായി കേന്ദ്രത്തിൽ എത്തണം. തീയതി, എൻറോൾമെന്റ് കേന്ദ്രം യഥാക്രമത്തിൽ: ആഗസ്റ്റ് 28-ഇരിങ്ങാലക്കുട മഹാത്മ യു പി സ്കൂൾ, ആഗസ്റ്റ് 29 വരെ- തളിക്കുളം കുടുംബശ്രീ ഹാൾ, ആളൂർ കുടുംബശ്രീ ഹാൾ, ആഗസ്റ്റ് 30 വരെ- ചേർപ്പ് കമ്മ്യൂണി ഹെൽത്ത് സെന്റർ, നാട്ടിക അങ്കണവാടി, വാടാനപ്പിള്ളി പഞ്ചായത്ത് ഹാൾ, വടക്കേക്കാട് പഞ്ചായത്ത് ഹാൾ, എരുമപ്പെട്ടി പഞ്ചായത്ത് ഓഫീസ്, സെപ്റ്റംബർ അഞ്ച് വരെ -തൃശൂർ ജനറൽ ആശുപത്രി, മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജ്, കുന്നംകുളം താലൂക്ക് ആശുപത്രി, വടക്കാഞ്ചേരി ജില്ലാ ആശുപത്രി, പുതുക്കാട് താലൂക്ക് ആശുപത്രി, ഇരിങ്ങാലക്കുട ജനറൽ ആശുപത്രി, കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രി, ചാലക്കുടി താലൂക്ക് ആശുപത്രി. കൂടുതൽ വിവരങ്ങൾ 7736221647 എന്ന നമ്പറിൽ ലഭിക്കും.

## പ്രളയാനന്തര ശുചീകരണം: മാതൃകയായി ഗ്രാമപഞ്ചായത്തുകൾ

പ്രളയത്തിനു ശേഷം ജില്ലയിൽ മികച്ച ശുചീകരണ പ്രവർത്തനങ്ങൾ നടത്തി ഗ്രാമ പഞ്ചായത്തുകൾ. ജില്ലയിലെ പ്രളയം ബാധിച്ച 79 പഞ്ചായത്തുകളിലെ വെള്ളം കയറിയ വീടുകൾ, വ്യാപാര സ്ഥാപനങ്ങൾ, പൊതുസ്ഥാപനങ്ങൾ, കിണറുകൾ എന്നിവ യുദ്ധകാലാടിസ്ഥാനത്തിൽ ശുചീകരിച്ചും ഏഴു ടൺ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് സംസ്കരിച്ചുമാണ് പഞ്ചായത്തുകൾ മാതൃകയാവുന്നത്. ഇതിനായി പഞ്ചായത്ത് തലത്തിൽ പ്രസിഡണ്ട്, സെക്രട്ടറി, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ആരോഗ്യവിഭാഗം പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ കുടുംബശ്രീ അംഗങ്ങൾ, ആശാവർക്കർമാർ, എൻ എസ് എസ് വളണ്ടിയർമാർ, വിദ്യാർത്ഥികൾ, സന്നദ്ധ പ്രവർത്തകർ, നാട്ടുകാർ എന്നിവരുടെ സഹായമാണ് തേടിയിട്ടുള്ളത്. തനതു ഫണ്ട് ഉപയോഗിച്ചാണ് ഓരോ പഞ്ചായത്തിലും ശേുചീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നത്.

പ്രവർത്തനങ്ങൾ ഇപ്പോഴും തുടരുന്നതിനിടെ ജില്ലയിൽ വെള്ളം കയറിയ 19154 വീടുകളാണ് ഇതേവരെ ശുചീകരിച്ചത്. ഇനി 323 വീടുകൾ കൂടി ശുചീകരിക്കാനുണ്ടെന്ന് പഞ്ചായത്തു വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം വ്യക്തമാക്കി. ഏറ്റവും കൂടുതൽ വീടുകൾ ശുചീകരിച്ചത് പറപ്പുക്കര ഗ്രാമപഞ്ചായത്തിലാണ്-1281 എണ്ണം. കുഴൂർ പഞ്ചായത്തിൽ 1133 വീടുകൾ വൃത്തിയാക്കി. ചാഴൂർ, ചേർപ്പ്, എടത്തിരുത്തി, താന്ന്യം പഞ്ചായത്തുകളിലും ആയിരത്തോളം വീടുകളിൽ ഇക്കാലയളവിൽ ശുചീകരണം നടന്നു.

മലിനജലം കയറിയ 13837 കിണറുകളിൽ 13606 കിണറുകളാണ് ഇക്കാലയളവിൽ വൃത്തിയാക്കിയിട്ടുള്ളത്. കിണറുകൾ ശുചീകരിച്ച് ക്ലോറിനേഷൻ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളും നടത്തി. എടത്തിരുത്തി പഞ്ചായത്തിലാണ് ഏറ്റവും കൂടുതൽ കിണറുകൾ പ്രളയത്തിൽ മലിനമായത്. ഇവിടെ വെള്ളം കയറിയ 1236 കിണറുകൾ മുഴുവനും വൃത്തിയാക്കി. കുഴൂരിൽ 942 കിണറുകളും പാറളത്ത് 793 കിണറുകളും പറപ്പൂക്കരയിൽ 787 കണറുകളും ശുചീകരിച്ചു. ജില്ലയിൽ വെള്ളം കയറിയ 347 വ്യാപാര സ്ഥാപനങ്ങളിൽ 343 എണ്ണവും ശുചീകരിക്കാനായി. വരന്തരപ്പിള്ളി (45), പറപ്പൂക്കര (33), എടവിലങ്ങ് (32), എടത്തിരുത്തി (30) എന്നിവിടങ്ങളിലെ വ്യാപാര സ്ഥാപനങ്ങളെയാണ് കൂടുതലും പ്രളയം ബാധിച്ചത്. 55 പൊതുസ്ഥാപനങ്ങളിൽ 53 എണ്ണവും വൃത്തി

യാക്കി. ചില ഭാഗങ്ങളിൽ പ്രളയത്തിൽ കേടായ ഇലക്ട്രോണിക് ഉപകരണങ്ങളും ശരിയാക്കി നൽകുകയും മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

## ബാലശക്തി-ബാലകല്യാൺ: പുരസ്ക്കാരങ്ങൾ അപേക്ഷിക്കാം

വിവിധ മേഖലകളിൽ അസാധാരണ കഴിവ് തെളിയിക്കുന്ന കുട്ടികൾക്കായി കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയം ഏർപ്പെടുത്തിയ ബാലശക്തി പുരസ്ക്കാർ, കുട്ടികളുടെ മേഖലയിൽ അവരുടെ ഉന്നമനത്തിനായി സമുന്നതായ പ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമുള്ള ബാലകല്യാൺ പുരസ്ക്കാർ എന്നിവയ്ക്ക് 2019 ൽ പരിഗണിക്കപ്പെടുത്തിന് അപേക്ഷ / നോമിനേഷൻ സ്വീകരിക്കുന്നു. വിശദവിവരങ്ങൾക്കും നിബന്ധനകളും www.nca-wcd.nic.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഓൺലൈൻ അപേക്ഷ ആഗസ്റ്റ് 31 നകം നൽകണം. കൂടുതൽ വിവരങ്ങൾ സിവിൽ സ്റ്റേഷനിലെ ജില്ലാ ശിശുസംരക്ഷണ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 0487 -2364445.

## പടക്കലേലം

കുന്നംകുളം വില്ലേജ് സർവെ നമ്പർ 99/9 ൽപ്പെട്ടതും കുന്നംകുളം മുനിസിപ്പാലിറ്റി കെട്ടിട നമ്പർ 1/328/ജിഎച്ചിൽ പ്രവർത്തിച്ചിരുന്നതുമായ ലൈസൻസ് നമ്പർ 1503/എൽഇ5 കടയിൽ നിന്നും പിടിച്ചെടുത്ത 11341765 കി.ഗ്രാം വരുന്ന മാലപ്പടക്കം, കമ്പിത്തിരി, മത്താപ്പ്, മേശപ്പൂവ്, ചൈനീസ് അമിട്ട്, ചക്രം, ഗുണ്ട് തുടങ്ങിയ സ്ഫോടകവസ്തുക്കൾ ഭാഗികമായി സെപ്റ്റംബർ ആറ് രാവിലെ 11 ന് കുന്നംകുളം താലൂക്ക് ഓഫീസിൽ ലേലം ചെയ്യും. ഫോൺ: 04885-225700.

## ക്വട്ടേഷൻ

തൃശൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് സ്റ്റഡി ഇൻ എഡ്യുക്കേഷനിൽ 2019-20 പ്ലാൻ ഫണ്ടിൽ നിന്നും കായികോപകരണങ്ങൾ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 29. ഫോൺ: 0487-2331185.

## യോഗം 30 ന്

ബേട്ടീ ബച്ചാവോ ബേട്ടീ പഠാവോ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ജില്ലാതല ടാസ്ക് ഫോഴ്സ് യോഗം ആഗസ്റ്റ് 30 വൈകീട്ട് നാലിന് ജില്ലാ കളക്ടറുടെ ചേമ്പറിൽ ചേരും.

## പ്രൊജക്ട് ഫെല്ലോ ഒഴിവ്

പീച്ചി കേരള വനഗവേഷണ സ്ഥാപനത്തിൽ പ്രൊജക്ട് ഫെല്ലോ തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നു. ബോട്ടണി, ഫോറസ്ട്രി, എൻവയോൺമെന്റൽ സയൻസ്, ലൈഫ് സയൻസ് എന്നിവയിൽ എതെങ്കിലും ഒന്നിൽ ബിരുദാനന്തരബിരുദമാണ് യോഗ്യത. 2019 ജനുവരി ഒന്നിന് 36 വയസ്സ് കവിയരുത്. പിന്നോക്ക വിഭാഗക്കാർക്ക് നിയമാനുസൃത ഇളവ് ലഭിക്കും. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം സെപ്റ്റംബർ രണ്ട് രാവിലെ പത്തിന് പീച്ചി ഓഫീസിൽ അഭിമുഖത്തിന് എത്തണം. ഫോൺ: 0487-2690100.

## ലേലം

തൃശൂർ ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രത്തിന്റെ പരിധിയിലുള്ള ഫലവൃക്ഷങ്ങളുടെ അനുഭവങ്ങൾ 2019 സെപ്റ്റംബർ മുതൽ ഡിസംബർ 31 വരെ എടുക്കുന്നതിനുള്ള ലേലം ചെയ്യുന്നു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 31 വൈകീട്ട് മൂന്ന് മണി. ഫോൺ: 0487-2332070.

# പമ്പാമണൽ ഇ-ലേലം ചെയ്യുന്നു

ആഗസ്റ്റിലുണ്ടായ പ്രളയത്തെ തുടർന്ന് പമ്പാനദിയിൽ അടിഞ്ഞു കൂടിയതും അരീക്കക്കാവ് ഡിപ്പോയിൽ സൂക്ഷിച്ചിരിക്കുന്നതുമായ മണലിന്റെ ഇ-ലേലം ആഗസ്റ്റ് 30, സെപ്റ്റംബർ 19, 26 ഒക്ടോബർ 15, 24 നവംബർ 7, 21 ഡിസംബർ 10, 23 തീയതികളിൽ നടക്കും. 10 ക്യുബിക് മീറ്റർ മണൽ വീതമുള്ള 40 ലോട്ടുകൾ, 5 ക്യുബിക് മീറ്ററിന്റെ 15 ലോട്ടുകൾ, ഒരു ക്യുബിക് മീറ്ററിന്റെ 25 ലോട്ടുകൾ എന്നിങ്ങനെയാണ് ലേലം നടക്കുക. കെട്ടിടനിർമ്മാണ പ്രവർത്തികൾക്കും ലാൻഡ് സ്കേപ്പിംഗിനും ഈ മണൽ അനുയോജ്യമാണെന്ന് ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇ-ലേല നടപടികൾക്ക് നിയോഗിച്ചിട്ടുള്ള ഏജൻസിയായ എംഎസ്റ്റിസിയിൽ പേര് രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ കഴിയുകയുള്ളൂ. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ എംഎസ്റ്റിസിയുടെ www.mstcecommerce.com എന്ന വെബ്സൈറ്റിൽ നിന്നോ പുനലൂർ ടിമ്പർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (ഫോൺ: 0475-2222617), ഗവ തടി ഡിപ്പോ അരീക്കക്കാവ് (ഫോൺ: 8547600535) നിന്നോ അറിയാം.

# തേക്ക് തടി ചില്ലറ വിൽപന

പത്തനാപുരം, കോന്നി, തുയ്യം തടി ഡിപ്പോകളിൽ നിന്ന് ഗാർഹികാവശ്യങ്ങൾക്കായി തേക്കുതടികളുടെ ചില്ലറ വിൽപ്പന സെപ്റ്റംബർ മൂന്ന് മുതൽ ആരംഭിക്കും. വീട് നിർമ്മിക്കുന്നതിനായി അംഗീകരിച്ച പ്ലാൻ, അനുമതി, സ്കെച്ച് എന്നിവയുടെ പകർപ്പും അഞ്ചു രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പും തിരിച്ചറിയൽ കാർഡുമായി എത്തിയാൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ ഡിപ്പോകളിൽ നിന്നും 5 ക്യു.മീറ്റർ വരെ തേക്കുതടി നേരിട്ടു വാങ്ങാം. കൂടുതൽ വിവരങ്ങൾക്ക് പത്തനാപുരം തടി ഡിപ്പോ (ഫോൺ: 8547600766, 0475-2354730), തുയ്യം (ഫോൺ: 85476005270), കോന്നി (ഫോൺ: 8547600530, 0468 2247927) പുനലൂർ ടിമ്പർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (ഫോൺ: 0475-2222617) എന്നീ നമ്പരുകളിൽ ബന്ധപ്പെടാം.

# പൊയ്യ ഗ്രാമപഞ്ചായത്ത്<br>കുടുംബശ്രീ മാട്രിമോണി ഉദ്ഘാടനം

പൊയ്യ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ മാട്രിമോണി ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡണ്ട് സിജി വിനോദ് നിർവഹിച്ചു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ സരോജ വേണു അധ്യക്ഷത വഹിച്ചു. കുടുംബശ്രീയിൽ അംഗങ്ങൾ ആയിട്ടുള്ളവർക്കും അല്ലാത്തവർക്കും മാട്രിമോണിയിൽ പേര് ചേർക്കാം. പെൺകുട്ടികൾക്ക് രജിസ്ട്രേഷൻ സൗജന്യമാണ്. എസ്എസ്എൽസി, പ്ലസ് ടു പരീക്ഷയിൽ മികച്ച വിജയം നേടിയ കുടുംബശ്രീയംഗങ്ങളുടെ മക്കളെ പുരസ്കാരം നൽകി ആദരിച്ചു. വൈസ് പ്രസിഡന്റ് സിബി ഫ്രാൻസിസ്, വാർഡ് മെമ്പർമാരായ മിനി അശോകൻ, സജിത ജോസഫ് തുടങ്ങിവർ ആശംസ നേർന്നു. സിഡിഎസ്സ് ചെയർപേഴ്സൺ ഗിരിജ വാമനൻ സ്വാഗതവും വൈസ് ചെയർപേഴ്സൺ വത്സല രാമകൃഷ്ണൻ നന്ദി പറഞ്ഞു.

# കേരള മീഡിയ അക്കാദമി<br>ക്ലാസുകൾ സെപ്റ്റംബർ 2 ന് തുടങ്ങും

കേരള മീഡിയ അക്കാദമിയിൽ 2019-20 ബാച്ചിലെ ജേർണലിസം ആൻഡ് കമ്യൂണിക്കേഷൻ, പബ്ലിക് റിലേഷൻസ് ആൻഡ് അഡ്വർടൈസിങ്, ടെലിവിഷൻ ജേർണലിസം ക്ലാസുകൾ സെപ്റ്റംബർ രണ്ടിന് ആരംഭിക്കും. വിദ്യാർത്ഥികൾ രക്ഷകർത്താക്കളോടൊപ്പം അന്ന് രാവിലെ 10.30 ന് കാക്കനാട്ടുള്ള മീഡിയ അക്കാദമി കാമ്പസിൽ എത്തിച്ചേരേണ്ടതാണെന്ന് അക്കാദമി സെക്രട്ടറി അറിയിച്ചു.

# ഹൈമാസ്റ്റ്ലൈറ്റ്  സ്ഥാപിക്കാൻ എംഎൽഎ ഫണ്ട് അനുവദിച്ചു

ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ 15 സ്ഥലങ്ങളിൽ ഹൈമാസ്റ്റ്ലൈറ്റ് സ്ഥാപിക്കുന്നതിനായി ആസ്തി വികസന ഫണ്ടിൽ നിന്നും 82,49,335 രൂപ അനുവദിച്ചു ഭരണാനുമതി ലഭിച്ചതായി പ്രൊഫ. കെ. യു. അരുണൻ എംഎൽഎ അറിയിച്ചു. നിയോജക മണ്ഡലത്തിലെ കാട്ടൂർ ഗ്രാമപഞ്ചായത്തിലെ എസ്എൻഡിപി പള്ളിവേട്ട നഗർ, കാറളം ഗ്രാമപഞ്ചായത്തിലെ നന്തി സെന്റർ-ശാന്തി റോഡ് ജംഗ്ഷൻ, മുരിയാട് ഗ്രാമപഞ്ചായത്തിലെ ആനന്ദപുരം വാരിയർ പീടിക-പുളിഞ്ചോട്, ആളൂർ ഗ്രാമപഞ്ചായത്തിലെ മാള വഴി സെന്റർ-പറമ്പി റോഡ് ജംഗ്ഷൻ, വേളൂക്കര ഗ്രാമപഞ്ചായത്തിലെ അവിട്ടത്തൂർ സെന്റർ - നടവരമ്പ് സെന്റർ പൂമംഗലം ഗ്രാമപഞ്ചായത്തിലെ കല്പറമ്പ് സെന്റർ, പടിയൂർ ഗ്രാമപഞ്ചായത്തിലെ-പഞ്ചായത്ത് ഓഫീസിനു മുൻ വശത്തും ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിലെ പുത്തൻ തോട് സെന്റർ-കുഴിക്കാട്ടുകോണം സെന്റർ -കുട്ടികളുടെ പാർക്ക് -ചേലൂർ സെന്റർ എന്നിവിടങ്ങളിലാണ് ഹൈമാസ്ററ് ലൈറ്റുകൾ സ്ഥാപിക്കുന്നത്. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് തദ്ദേശസ്വയംഭരണ വകുപ്പ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകി സർക്കാർ അക്രെഡിറ്റഡ് ഏജൻസിയായ അത്താണി സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന് നിർവഹണ ചുമതല നൽകിയതായും  പണികൾ ഉടൻ ആരംഭിക്കുമെന്നും എംഎൽഎ അറിയിച്ചു.

# തെളിവെടുപ്പ് യോഗം 31 ന്

പ്ലാസ്റ്റിക് മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കുന്നതിനുള്ള തെളിവെടുപ്പ് യോഗം ആഗസ്റ്റ് 31 രാവിലെ 10.30 ന് എറണാകുളം ഗസ്റ്റ് ഹൗസ് ബാങ്ക്വറ്റ് ഹാളിൽ നടക്കും. ബന്ധപ്പെട്ട മേഖലയിലെ തൊഴിലാളി-തൊഴിലുടമ പ്രതിനിധികൾ പങ്കെടുക്കണമെന്ന് ജില്ലാ ലേബർ ഓഫീസർ അറിയിച്ചു.

# മെഡിക്കൽ ഓഫീസർ ഒഴിവ്

ജില്ലയിൽ സാമൂഹ്യ സുരക്ഷാ മിഷന്റെ വയോമിത്രം പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ മെഡിക്കൽ ഓഫീസർ (മോഡേൺ മെഡിസിൻ) തസ്തികയിൽ നിയമനം നടത്തുന്നു. താൽപര്യമുള്ളവർ സർട്ടിഫിക്കറ്റ് സഹിതം ആഗസ്റ്റ് 29 ഉച്ച രണ്ടിന് തൃശൂർ പൂത്തോൾ കോട്ടപ്പുറം ചേലാട്ട് ലൈനിലുള്ള വയോമിത്രം പ്രോജക്ട് ഓഫീസിൽ അഭിമുഖത്തിന് എത്തണം. ഫോൺ: 8943354045, 9349188887.

# സ്വച്ഛ്ഭാരത് ഇന്റേൺഷിപ്പ് മനക്കൊടി എംസിസി ക്ലബ്ബിന് ഒന്നാം സ്ഥാനം

ജില്ലാ ജലവിഭവ-ശുചിത്വ മന്ത്രാലയവും  നെഹ്റു യുവകേന്ദ്രവും സംയുക്തമായി രാജ്യവ്യാപകമായി സംഘടിപ്പിച്ച സ്വച്ഛ്ഭാരത് ഇന്റേൺഷിപ്പ് ചലഞ്ചിൽ മികച്ച ശുചീകരണ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചതിനുള്ള തൃശൂർ ജില്ലാതല അവാർഡിന് മനക്കൊടി എംസിസി  ക്ലബ് അർഹരായി. 30000 രൂപയും ജില്ലാ കളക്ടർ  ഒപ്പിട്ട പ്രശംസാപത്രവുമാണ് അവാർഡ് ലഭിക്കുക.  മുള്ളൂർക്കര ബയോ നാച്ചുറൽ ക്ലബ്ബിന് രണ്ടാംസ്ഥാനവും ചേർപ്പ് പഞ്ചായത്തിലെ ഫിഫ ക്ലബിനും  മൂന്നാംസ്ഥാനവും കരസ്ഥമാക്കി. 50 മണിക്കൂർ ശുചീകരണ പ്രവർത്തനം നടത്തിയതിന് റിപ്പോർട്ട് ജില്ലാ കളക്ടർ അധ്യക്ഷനായ സമിതി പരിശോധിച്ചശേഷമാണ് അവാർഡിന് അർഹരായവരെ തിരഞ്ഞെടുത്തത്.

# ജില്ലാതല യൂത്ത് ക്ലബ്ബ് അവാർഡിന് അപേക്ഷ ക്ഷണിച്ചു

കേന്ദ്ര യുവജനകാര്യ മന്ത്രാലയം ദേശീയ തലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ജില്ലാതല യൂത്ത് ക്ലബ്ബ് അവാർഡിന് അപേക്ഷ ക്ഷണിച്ചു. നെഹ്റു യുവ കേന്ദ്രയുമായി അഫിലിയേറ്റ് ചെയ്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന യൂത്ത് ക്ലബുകൾ നിശ്ചിത ഫോറത്തിൽ സെപ്റ്റംബർ 2 നകം അപേക്ഷ സമർപ്പിക്കണം. 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള പ്രവർത്തനങ്ങൾ

വിലയിരുത്തിയാണ് അവാർഡ് നിശ്ചയിക്കുന്നത്. 25000 രൂപയും ജില്ലാ കളക്ടർ ഒപ്പിട്ട പ്രശസ്തി പത്രവും ട്രോഫിയും അടങ്ങുന്നതാണ് ജില്ലാ യൂത്ത് ക്ലബ്ബ് അവാർഡ്. അപേക്ഷഫോറത്തിനും വിശദാംശങ്ങൾക്കും അയ്യന്തോളിലെ നെഹ്റു യുവകേന്ദ്ര ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0487-2360355.

## ഫോട്ടോ ജേർണലിസം കോഴ്സിന് അപേക്ഷ ക്ഷണിച്ചു

കേരള മീഡിയ അക്കാദമി കൊച്ചി, തിരുവനന്തപുരം സെന്ററുകളിൽ നടത്തുന്ന ഫോട്ടോ ജേർണലിസം കോഴ്സിന് അപേക്ഷ ക്ഷണിച്ചു. തിയറിയും പ്രാക്ടിക്കലും ഉൾപ്പെടെ മൂന്ന് മാസമാണ് കോഴ്സിന്റെ കാലാവധി. ശനി, ഞായർ ദിവസങ്ങളിലാണ് ക്ലാസുകൾ. ഓരോ സെന്ററിലും 25 സീറ്റുകൾ വരെ ഒഴിവുണ്ടാകും. 25000 രൂപയാണ് ഫീസ്. പ്ലസ് ടു വിദ്യാഭ്യാസയോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷ അക്കാദമി വെബ്സൈറ്റായ www.keralamediaacademy.org നിന്നു ഫോറം ഡൗൺലോഡ് ചെയ്ത് സമർപ്പിക്കാം. അപേക്ഷയോടൊപ്പം സർട്ടിഫിക്കറ്റുകളുടെ പകർപ്പും വയ്ക്കണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി സെപ്റ്റംബർ 14. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484-2422275, 2422068.